LIBRARY ARCHIVES Kerala Legislative Assembly

വിഷാംശമുള്ള പച്ചക്കറികളുടെ വരവ് തടയുന്നതിന് നടപടി

52 (T2261) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഷാംശമുള്ള പച്ചക്കറികൾ കേരളത്തിലെത്തുന്നത് തടയുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഭക്ഷ്യസുരക്ഷാവകുപ്പ് തമിഴ്നാട് സർക്കാരിന് കത്ത് അയച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ ലഭിച്ച മറുപടി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുതവിഷയത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) അയച്ചിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല.

(ബി) ടി വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യവകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 18-11-2014-ൽ വിളിച്ചുചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും അമിത കീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷ കമ്മീഷണർ ചെയർപേഴ്സനായി കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഡയറക്ടർമാർ വെള്ളായണി കാർഷിക കോളേജിലെ പ്രൊഫസർ ഡോ. ബിജു തോമസ് മാത്യു, വാണിജ്യ നികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ എന്നിവർ അംഗങ്ങളായി ഒരു ഉന്നതതല കമ്മിറ്റി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. ടി ഉന്നതതല കമ്മിറ്റിയുടെ തീരുമാനപ്രകാരം ഭക്ഷ്യസുരക്ഷ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്നംഗ ഉദ്യോഗസ്ഥസംഘം തമിഴ്നാട്ടിലെ പ്രധാനപ്പെട്ട പച്ചക്കറി ഉല്പാദന വിതരണ മൊത്തക്കച്ചവട മേഖലകൾ നേരിട്ട് സന്ദർശിച്ച് ഇതുസംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് സർക്കാരിലേയ്ക്ക് ഇതിനകം കൈമാറിയിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പച്ചക്കറി മൊത്തവ്യാപാരികളുടെ ഒരു അടിയന്തര യോഗം 9-6-2015-ന് തിരുവനന്തപുരത്ത് വിളിച്ചുചേർത്തിട്ടുണ്ട്. ആയതിന്റെ തുടർനടപടികളുടെ ഭാഗമായി അന്തർസംസ്ഥാന ചെക്പോസ്റ്റ് കേന്ദ്രീകരിച്ച് സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന പച്ചക്കറികളുടെ കൂടുതൽ വിശദാംശങ്ങൾ തേടുന്നതിനായി വില്പനനികുതി വകുപ്പിന്റെ സേവനവും തേടിയിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കൂടാതെ സംസ്ഥാനത്തെ വിപണികളിൽനിന്ന് കൃഷിവകുപ്പ് ഉദ്യോസ്ഥരുടെകൂടി സേവനം ഉപയോഗപ്പെടുത്തി കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിക്കാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാനങ്ങളിലെ സെക്രട്ടറിമാരുടെ ഒരു യോഗം 21-7-2015-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കറുപ്പന്തറ പി.എച്ച്.സി.യിൽ ഐ.പി. യൂണിറ്റ്

53 (2262) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം-കറുപ്പന്തറ പി.എച്ച്.സി. യിൽ ഐ. പി. യൂണിറ്റ് ആരംഭിക്കുന്നതു സംബന്ധിച്ച് ആരോഗ്യവകുപ്പ് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് 26-7-2012-ൽ സ്ഥലം എം.എൽ.എ. നൽകിയ ശിപാർശ കത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(സി) ഇതുസംബന്ധിച്ചുള്ള ആരോഗ്യവകുപ്പിലെ ഫയൽ നമ്പർ അറിയിക്കാമോ ; പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഐ.പി. യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഫയൽ നമ്പർ പി.എൽ.ബി.2-73118/12/ ആ.വ.ഡ. ആണ്. ഐ.പി. തുടങ്ങുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാൻസർരോഗം അതിവേഗം പടർന്നുപിടിക്കുന്ന സാഹചര്യം

54 (2263) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചികിത്സാ ചെലവ് ഗണ്യമായി വർദ്ധിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly